**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 753** **06-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീമതി സി. കെ. ആശ** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സ്ഥലവും വീടും ലഭിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പ് ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് ഗ്രാമപ്രദേശത്ത് കുറഞ്ഞത് 5 സെന്റ് ഭൂമിയും, മുനിസിപ്പൽ/ കോർപ്പറേഷൻ പ്രദേശത്ത് കുറഞ്ഞത് 3 സെന്റ് ഭൂമിയും വാങ്ങുന്നതിന് ഗ്രാമ/മുനിസിപ്പൽ/ കോർപ്പറേഷൻ പ്രദേശങ്ങളിൽ യഥാക്രമം 3,75,000/-രൂപയും, 4,50,000/-രൂപയും, 6,00,000/- രൂപയും ഗ്രാന്റായി അനുവദിക്കുന്നുണ്ട്. ഈ തുകയ്ക്ക് ലഭിക്കാവുന്ന പരമാവധി ഭൂമി വാങ്ങേണ്ടതാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ലൈഫ് ലിസ്റ്റിൽ നിന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഭവന നിർമ്മാണത്തിനായി ലൈഫ് മിഷൻ മുഖേനയാണ് ധനസഹായം അനുവദിക്കുന്നത്. വകുപ്പിൽ നിന്നും ഭൂമി ലഭിച്ചവർക്കും, മറ്റ് ഏജൻസികളിൽ നിന്നും ഭൂമി ലഭിച്ചിട്ടുള്ളവർക്കും ഭവന നിർമ്മാണത്തിനുള്ള തുക ലൈഫ് മിഷൻ മുഖേന നൽകുന്നതാണ്. കെട്ടിട സമുച്ചയങ്ങളും ലൈഫ് മിഷൻ മുഖേന നിർമ്മിക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ഭൂരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വനാവകാശ നിയമം, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം, ലാന്റ് ബാങ്ക് പദ്ധതി എന്നീ പദ്ധതികളിലായി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നുണ്ട്. ഭൂമി അനുവദിച്ച സ്ഥലങ്ങളിൽ വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകി വരുന്നുണ്ട്. |
| (ബി) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീട് വയ്ക്കുന്നതിനുവേണ്ടി നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; ഇതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; | (ബി) | പട്ടികജാതി വികസന വകുപ്പിൽ നിക്ഷിപ്ത വന ഭൂമി വിതരണം ചെയ്യുന്ന പദ്ധതി നിലവിലില്ല. പട്ടികവർഗ്ഗ വികസന വകുപ്പ്, ബഹു.സുപ്രീം കോടതി വിധി പ്രകാരം കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ |

| | | | |
|---|---|---|---|
| | | | ലഭ്യമായ നിക്ഷിപ്ത വനഭൂമിയിൽ നിന്നും കാസർഗോഡ്, വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലായി 4731 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് 5333.14 ഏക്കർ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (സി) | പതിച്ച് നൽകുവാൻ കണ്ടെത്തുന്ന ഭൂമിയ്ക്ക് വേണ്ടി അർഹതരായ പട്ടികവർഗ്ഗക്കാരിൽ നിന്നും അപേക്ഷകൾ സ്വീകരിച്ച് ലഭിക്കുന്ന അപേക്ഷകളുടെ കരട് ലിസ്റ്റ് തയ്യാറാക്കി ജില്ലാ മിഷൻ ആക്ഷേപങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്തുന്നതിനായി പ്രസിദ്ധപ്പെടുത്തുന്നു. കരട് ലിസ്റ്റ് ഊരുകൂട്ടത്തിന്റെയും ജനകീയ കമ്മിറ്റിയുടെയും പരിശോധനയും ശുപാർശയും പരിഗണിച്ച് റ്റി.ആർ.ഡി.എം ജില്ലാ മിഷൻ അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നു. ഭൂരഹിതർ, ഏറ്റവും കുറവ് ഭൂമിയുള്ളവർ എന്ന ക്രമത്തിലാണ് ഗുണഭോക്തൃ ലിസ്റ്റിന്റെ മുൻഗണനാക്രമം. |
| (ഡി) | ലാന്റ് ബാങ്ക് പദ്ധതി പ്രകാരം വിലനിർണ്ണയം പൂർത്തീകരിച്ച ഭൂമി പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ അർഹരായവർക്ക് വിതരണം ചെയ്യുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ? | (ഡി) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ലാന്റ് ബാങ്ക് പദ്ധതി പ്രകാരം 53.27 ഏക്കർ ഭൂമി വാങ്ങിയതിൽ 15.7 ഏക്കർ ഭൂമി 108 പേർക്ക് വിതരണം ചെയ്തു. ശേഷിക്കുന്ന 37.57 ഏക്കർ ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ 19.96 ഏക്കർ ഭൂമി കൂടി വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ